"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 'RPwD Research Cell പദ്ധതി' - 2026-27 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.162/2026/SJD തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:- 1. സാമൂഹ്യനീതിഡയറക്ടറുടെ 14.07.2026ലെ SJD/3223/2026-D2 നമ്പർ കത്ത്.

2. 17.07.2026-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഭിന്നശേഷി അവകാശ സംരക്ഷണ നിയമം, 2016 അനുസരിച്ചുള്ള ഭിന്നശേഷിക്കാരുടെ 4% തൊഴിൽ സംവരണം നടപ്പിലാക്കുന്നതിനായി സർക്കാർ സഹായം ലഭിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലേയും തസ്തികകൾ പരിശോധിച്ച് ഉചിതമായവ കണ്ടെത്തി സർക്കാർ ഉത്തരവിനായി സമർപ്പിക്കുക, സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾക്ക് അന്തിമ രൂപം നൽകുക, 4% ഭിന്നശേഷി സംവരണ പ്രകാരമായിട്ടുള്ള ബാക്ക് ലോഗ് നിയമനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക തുടങ്ങിയവ അടിന്തിരമായി ചെയ്ത് തീർക്കേണ്ടതായിട്ടുണ്ടെന്നും, 2016-ലെ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിനായും ഈ പദ്ധതിയുടെ 2026-27 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായും 1,05,33,036/-രൂപ നടപ്പ് സാമ്പത്തിക വർഷം 2235-60-200-83(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 15,00,00,000/- രൂപയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ചുവടെ ചേർക്കും പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**NISH Proposal - Rs.34,59,596/-**
**Directorate Proposal - Rs.70,73,440/-**
**TOTAL - Rs.1,05,33,036/-**

2. പരാമർശം (2) പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഇനം നം.45 ആയി പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും, ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. RPwD Research Cell പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി 1,05,33,036/-രൂപ (ഒരു കോടി അഞ്ച് ലക്ഷത്തി

മുപ്പത്തിമൂവായിരത്തി മുപ്പത്തിയാറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-60-200-83(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 15,00,00,000/- രൂപയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1.ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
2.എക്സിക്യൂട്ടീവ് ഡയറക്ടർ, NISH, തിരുവനന്തപുരം.
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4.ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5.ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
6.ധനകാര്യ വകുപ്പ്.
7.ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
8. സാമൂഹ്യനീതി (എ) വകുപ്പ്.
9.വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by
SHABEEN S
Date: 11-08-2026
11:28:23
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1.ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2.സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3.സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്